(ബി) പോലീസ് സ്റ്റേഷൻ തിരിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ഡി) ആയതിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്ത കേസുകളും ആയതിന്റെ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) 243 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.*

(ബി) അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.

(സി) അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്.*

(ഡി) അനുബന്ധം -3 ആയി ചേർത്തിട്ടുണ്ട്.*

കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ

159 (4494) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ വർഗ്ഗീയസംഘർഷങ്ങൾ ,രാഷ്ട്രീയ സംഘർഷങ്ങൾ സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ സംബന്ധിച്ച കേസുകൾ ; ബാലപീഡനം, ഭവനഭേദനം, കളവ് എന്നീ വിഭാഗങ്ങളിൽപ്പെട്ട കേസ്സുകൾ എത്രവീതമെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പോലീസ് സ്റ്റേഷൻ	18-5-2011 മുതൽ 31-12-2011 വരെ	2012	2013	2014	30-6-2015 വരെ
1	കാസർഗോഡ്	764	1487	1174	1072	497
2	ബദിയടുക്ക	285	691	755	618	283
3	വിദ്യാനഗർ	367	823	792	705	298
4	കുമ്പള	361	832	764	673	354
5	മഞ്ചേശ്വരം	462	773	723	816	393
6	അദൂർ	264	605	609	637	284
7	ബേഡകം	200	540	637	625	285
8	ഹോസ്ദുർഗ്ഗ്	935	1406	1536	1342	649
9	ബേക്കൽ	445	907	963	1001	478
20	അമ്പലത്തറ	173	478	691	537	224
11	നീലേശ്വരം	413	1000	1022	1023	335
12	ചന്തേര	462	1031	994	1126	482
13	ചീമേനി	136	580	774	511	233
14	വെള്ളരിക്കുണ്ട്	266	625	740	623	302
15	രാജപുരം	165	513	611	415	273
16	ചിറ്റാരിക്കൽ	226	614	569	480	247
17	കോസ്റ്റൽ				2	1
18	ട്രാഫിക്	ആരംഭിച്ചിട്ടില്ല			178	253
19	എസ്.എം.എസ്.				7	24

LIBRARY ARCHIVES Kerala Legislative Assembly

(ബി) വർഗ്ഗീയ സംഘർഷം - ഇല്ല,

(വർഗ്ഗീയ സംഘട്ടനങ്ങൾ -128)

രാഷ്ട്രീയ സംഘർഷങ്ങൾ - ഇല്ല,

(രാഷ്ട്രീയ സംഘട്ടനങ്ങൾ -551)

സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ - 2719,

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണങ്ങൾ - 185,

- ബാലപീഡനം - 499,
- ഭവനഭേദനം - 586,
- കളവ് - 687.

കോഴ വാങ്ങുന്നതിനെതിരെ നടപടി

160 (4495) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കോളേജുകളുടെ പേരിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിവരിക്കാമോ?

ഉത്തരം

പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിന് കോഴ വാങ്ങുന്നതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കോളേജുകൾക്കെതിരെ പോലീസ് നടപടി സ്വീകരിച്ചിട്ടില്ല.

മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് പോലീസ് യൂണിറ്റ്

161 (4496) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് പോലീസ് യൂണിറ്റ് 2015 ആഗസ്റ്റ് 15-ന് മുൻപായി പ്രവർത്തനം ആരഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(ബി) ട്രാഫിക് യൂണിറ്റ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; നിലവിൽ ട്രാഫിക് യൂണിറ്റിന്റെ സ്ഥിതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly